**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4280** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഐ. ജി. എസ്. ടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. പരിധിയിൽ വരാത്ത, ഇൻപുട് ടാക്സ് ക്രെഡിറ്റിന് അർഹതയില്ലാത്ത ഡീലർമാർ ഇതര സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുകയോ അപ്രകാരം വാങ്ങിയ സാധനങ്ങൾ ഉപയോഗിച്ച് കൊണ്ട് നികുതി ഇല്ലാത്ത സാധനം ഉണ്ടാക്കി വിൽക്കുകയോ ചെയ്താൽ സംസ്ഥാനത്തിന് ഐ.ജി.എസ്.ടി-ക്ക് അർഹതയുണ്ട് എന്നത് വസ്തുതയാണോ; വിശദാംശം അറിയിക്കുമോ; | (എ) | ഇന്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ട്, 2017-ലെ വകുപ്പ് 17 പ്രകാരം ജി.എസ്.ടി പരിധിയിൽ വരാത്ത വ്യക്തികൾ/സ്ഥാപനങ്ങൾ ഇതര സംസ്ഥാനങ്ങളിലെ ജി.എസ്.ടി പരിധിയിലുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും നികുതി ബാധകമായ സാധനങ്ങൾ/സേവനങ്ങൾ സ്വീകരിക്കുമ്പോൾ പ്രസ്തുത നിയമത്തിലെ വകുപ്പ് 10, വകുപ്പ് 12 എന്നീ വകുപ്പുകളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടുന്ന Place of Supply-ക്ക് വിധേയമായി അപ്രകാരം സ്വീകരിക്കപ്പെട്ട സാധനങ്ങൾ/സേവനങ്ങളുടെ ഉപഭോഗം നടന്ന സംസ്ഥാനത്തിന് പ്രസ്തുത സാധനം/സേവനം സ്വീകരിക്കുമ്പോൾ സപ്ലയർക്ക് നൽകിയ എെ.ജി.എസ്.ടി.-യുടെ 50% ലഭിക്കാൻ അർഹതയുണ്ട്. കൂടാതെ, ഇൻപുട്ട് ടാക്സ് ക്രഡിറ്റിന് അർഹതയില്ലാത്ത നികുതിദായകർ ഇതര സംസ്ഥാനത്തുനിന്നും എെ.ജി.എസ്.ടി. നൽകി സാധനങ്ങൾ/സേവനങ്ങൾ സ്വീകരിക്കുമ്പോൾ അപ്രകാരം അർഹതയില്ലാത്ത എെ.ജി.എസ്.ടി.-യുടെ 50% മേൽപ്പറഞ്ഞ രീതിയിൽ Place of Supply–യുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സംസ്ഥാനത്തിന് ലഭിക്കാൻ അർഹതയുണ്ട്. |
| (ബി) | ഇൻപുട് ടാക്സ് ക്രെഡിറ്റിന് അർഹതയില്ലാത്തതുകൊണ്ടു തന്നെ ഇത്തരത്തിലുള്ള ഭൂരിഭാഗം പേരും ഈ വില്പന ഡിക്ലയർ ചെയ്യാറില്ല എന്നത് വസ്തുതയല്ലേ; വിശദമാക്കാമോ; | (ബി) | ജി.എസ്.ടി പരിധിയിൽ വരാത്ത വ്യക്തികൾ/ സ്ഥാപനങ്ങൾക്ക് സാധനങ്ങൾ/സേവനങ്ങൾ നൽകുമ്പോൾ ഇതരസംസ്ഥാനത്തെ സപ്ലയർ Place of Supply – ടെ അടിസ്ഥാനത്തിൽ ഏതെല്ലാം സംസ്ഥാനങ്ങളിലേക്കാണ് തങ്ങൾ അന്തർസംസ്ഥാന വില്പന നടത്തിയിരിക്കുന്നത് എന്ന് ഡിക്ലയർ ചെയ്യാനുള്ള പ്രത്യേക ടേബിളുകൾ ബന്ധപ്പെട്ട റിട്ടേണിലും സ്റ്റേറ്റ്മെന്റിലും ഉണ്ട്. എന്നാൽ, ആരംഭ വർഷങ്ങളിൽ ജി.എസ്.ടി |

| | | | |
|---|---|---|---|
| | | | പോർട്ടലിൽ ബന്ധപ്പെട്ട റിട്ടേണിലെ ടേബിളുകളിലേക്ക് ഇത്തരത്തിലുള്ള സപ്ലയറുടെ വിറ്റുവരവ് Automated ആയി വരികയില്ല. ബന്ധപ്പെട്ട സപ്ലയർ ഇത്തരത്തിലുള്ള സപ്ലൈ സ്വമേധയാ നിർണ്ണയിച്ച് ആയത് ബന്ധപ്പെട്ട ടേബിളിൽ ഡിക്ലയർ ചെയ്യേണ്ടതാണ്. എന്നാൽ 2020 സെപ്റ്റംബർ മാസത്തെ റിട്ടേൺ മുതൽ ഔട്ട് വേർഡ് സപ്ലൈ സ്റ്റേറ്റ്മെന്റിൽ നിന്നും ഇത്തരത്തിലുള്ള B2C സപ്ലൈയുടെ വിറ്റുവരവ് ബന്ധപ്പെട്ട റിട്ടേണിലെ ടേബിളുകളിലേക്ക് Automated ആയി വരുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ട്.<br><br>കൂടാതെ, ജി.എസ്.ടി. പരിധിയിൽപ്പെട്ട് രജിസ്ട്രേഷൻ എടുത്ത് വ്യാപാരം നടത്തുന്നവർ ഇതരസംസ്ഥാനത്തുള്ള സപ്ലയർക്ക് ഐ.ജി.എസ്.ടി. നൽകി സാധനമോ/സേവനമോ സ്വീകരിക്കുകയും ആയതിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്-ന് അർഹത ഉണ്ടാവാത്തതുമായ സാഹചര്യത്തിൽ, സ്വീകർത്താവ് ഇപ്രകാരം അർഹതയില്ലാത്ത ഐ.ജി.എസ്.ടി. എത്രയെന്ന് സ്വയമേവ കണക്കാക്കി ബന്ധപ്പെട്ട റിട്ടേണിൽ ഡിക്ലയർ ചെയ്യേണ്ടതുണ്ട്. റിട്ടേൺ കൃത്യമായി എങ്ങനെ ഫയൽ ചെയ്യണം എന്നത് സംബന്ധിച്ച വിശദമായ മാർഗ നിർദേശങ്ങൾ ട്രേഡ് സർക്കുലറുകളിലൂടെ നേരത്തെ തന്നെ വ്യാപാരികൾക്ക് നൽകിയിട്ടുണ്ട്. |
| (സി) | ഇത്തരത്തിലുള്ള വില്പനകൾ അക്കൗണ്ട് ചെയ്യപ്പെടാതെ പോവുകയും സംസ്ഥാനത്തിന് ഐ.ജി.എസ്.ടി. നഷ്ടം സംഭവിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമേറിയതല്ലേയെന്ന് വ്യക്തമാക്കാമോ; | (സി) | ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിലെ അപര്യാപ്തത ജി.എസ്.ടി.-യുടെ തുടക്കം മുതൽ പല പ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. ജി.എസ്.ടി.-യുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇങ്ങനെയുള്ള ക്രയവിക്രയങ്ങൾ ഡിക്ലയർ ചെയ്യാൻ സർക്കാർ കാര്യക്ഷമമായി ഇടപെടൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ആവശ്യങ്ങളെ തുടർന്ന് ജി.എസ്.ടി. റിട്ടേൺ ഫോമിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും, റിട്ടേണിലേക്കുള്ള വിവരങ്ങൾ automated ആക്കുകയും ചെയ്യുകയുണ്ടായി. റിട്ടേൺ കൃത്യമായി എങ്ങനെ ഫയൽ ചെയ്യണം എന്നത് സംബന്ധിച്ച വിശദമായ മാർഗ നിർദേശങ്ങൾ ട്രേഡ് സർക്കുലറുകളിലൂടെ നേരത്തെ തന്നെ സംസ്ഥാന ചരക്ക് സേവന നികുതി |

| | | | |
|---|---|---|---|
| | | | വകുപ്പ് വ്യാപാരികളെ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര റവന്യൂ വകുപ്പും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ